സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതികം - വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം തിരുവനന്തപുരം - ഇടുക്കി ജില്ല - വാച്ച്മാൻ സ്ഥലം മാറ്റം - ഭേദഗതി വരുത്തിയ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഇഡി3/1625/2024 ജീവനക്കാര്യം(ഡി) വിഭാഗം 04-12-2024

---

1. ഈ കാര്യാലയത്തിൽ നിന്നുള്ള 29.11.2024 ലെ ഇഡി3/1625/2024 നമ്പർ നടപടിക്രമം
2. 30.11.2024 ലെ സർക്കാർ പോളിടെക്നിക്ക് കോളേജ്,നെടുംകണ്ടം നിന്നുള്ള പ്രിൻസിപ്പൾ ഇ/1570/24/ജി.പി.സി-എൻ.കെ.എം നമ്പർ കത്ത് .

**ഉത്തരവ്**

നെടുംകണ്ടം സർക്കാർ പോളിടെക്നിക് കോളേജിൽ ഓഫീസ്സ് അറ്റൻറൻറ് ആയി നിയമിച്ചിരുന്ന ശ്രീ മനോജ് മാമച്ചനെ സീനിയോറിറ്റി പുനഃക്രമീകരിച്ചതിൻ പ്രകാരം തിരികെ വാച്ച്മാൻ തസ്തികയിലേക്ക് മാറ്റി വണ്ടിപ്പെരിയാർ സർക്കാർ പോളിടെക്നിക് കോളേജിൽ നിയമിച്ചു കൊണ്ട് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ടിയാൻ താമസ്സിക്കുന്നത് നെടുംകണ്ടം സർക്കാർ പോളിടെക്നിക് കോളേജിനു സമീപത്താണെന്നും ആയതിനാൽ നെടുംകണ്ടം സർക്കാർ പോളിടെക്നിക്കിൽ നിലവിലുള്ള വാച്ച്മാൻ തസ്തികയിലെ ഒഴിവിൽ ടിയാനെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ പരാമർശം (2) പ്രകാരം അപേക്ഷനൽകുകയുണ്ടായി.

നെടുംകണ്ടം സർക്കാർ പോളിടെക്നിക്കിൽ ഒഴിവുള്ള വാച്ച്മാൻ തസ്തിക 11/8/2021 തീയതിയിൽ പിഎസ്സി യുടെ ഇടുക്കി ജില്ലാ ഓഫീസ്സിൽ റിപ്പോർട്ട് ചെയ്തു എങ്കിലും ബഹു: കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന OA 1246/2021 നമ്പർ കേസ്സിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം പ്രസ്തുത തസ്തികയിലേക്ക് നിയമന ശുപാർശ ലഭിച്ചിട്ടില്ല.

മേൽസാഹചര്യത്തിൽ ശ്രീ.മനോജ് മാമ്മച്ചൻറെ അപേക്ഷ പരിഗണിച്ചു ടിയാനെ വണ്ടിപ്പെരിയാർ പോളിടെക്നിക്കിൽ നിയമിച്ചു കൊണ്ടുള്ള സൂചന (1) ലെ ഉത്തരവ് ഭേദഗതി ചെയ്ത് ടിയാനെ നെടുംകണ്ടം സർക്കാർ പോളിടെക്നിക്കിൽ നിലവിലുള്ള വാച്ച്മാൻ തസ്തികയിൽ നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**OA No. 1246/2021 നു മേലുള്ള ബഹു: കോടതിയുടെ അന്തിമ ഉത്തരവിന് വിധേയമായി വണ്ടിപെരിയാർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ നിലവിലുള്ള വാച്ച്മാൻ തസ്തികയിലെ ഒഴിവ് പിഎസ്സി നിയമന ശുപാർശ ചെയ്യുന്ന പക്ഷം ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതിലേയ്ക്ക് മാറ്റി വെയ്ക്കേണ്ടതുമാണ്.**

മേൽഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നില നിൽക്കുന്നതായിരിക്കും.

Sunilkumar C V
SENIOR ADMINISTRATIVE OFFICER

To

1) ബന്ധപ്പെട്ട ജീവനക്കാർക്ക്/സ്ഥാപന മേധാവികൾക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)

2) ഇ-ഓഫീസ് കരുതൽ സഞ്ചയം

Signed by
Sunilkumar C V
Date: 04-12-2024 16:57:27